(സി) ഓരോ പട്ടികജാതി കുടുംബത്തിനും ശരാശരി 18,297.67 രൂപ വീതവും ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ശരാശരി 29,440 രൂപ വീതവും ലഭിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതിയിൽപ്പെട്ട ഏകദേശം 87,000 കുടുംബങ്ങളും പട്ടികവർഗ്ഗത്തിൽപ്പെട്ട 29,000 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയതായി കണക്കാക്കിയിട്ടുണ്ട്.

പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

9(212) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാനും യഥാസമയം ലഭ്യമാക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾക്ക് പുറമേ പുതിയതായി എന്തെങ്കിലും ആനുകൂല്യങ്ങൾ ഇവർക്കുവേണ്ടി നടപ്പിലാക്കിയിരുന്നുവോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാനും അവ യഥാസമയം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളെയും പുതുതായി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

ചികിത്സയ്ക്കായി അനുവദിച്ച തുക

10(213) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ കീഴിലുള്ള ഫണ്ടിൽ നിന്ന് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട രോഗികളുടെ ചികിൽസക്കായി കായംകുളം എം.എൽ.എ.യുടെ നിവേദനപ്രകാരം ഇതുവരെ അനുവദിച്ച കേസുകളുടെ വിവരങ്ങളും തുകകളും വ്യക്തമാക്കാമോ ;

(ബി) കായംകുളം എം.എൽ.എ. വഴി ഇതിനായി നൽകിയ എത്ര നിവേദനങ്ങൾ തീർപ്പു കൽപ്പിക്കാനുണ്ട്; വിശദാംശം നൽകുമോ ?

---

†അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - VII

[19-12-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (212) -ന്റെ ഉത്തരം ദയവായി കാണുക]

വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ

നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ സ്കൂൾ കോളേജ് തലങ്ങളിൽ 40 ശതമാനം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ് 300 രൂപയിൽ നിന്നും 500 രൂപയായും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലേത് 400 രൂപയിൽ നിന്നും 700 രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. പ്രീമെട്രിക് സ്പോർട്സ് ഹോസ്റ്റലിലെ മെസ് ഫീസ് 800 രൂപയായി വർദ്ധിപ്പിച്ചു. ഹോസ്റ്റൽ കുട്ടികളുടെ യൂണിഫോം അലവൻസ് 300 രൂപയായി വർദ്ധിപ്പിച്ചു. സ്വകാര്യ, വൊക്കേഷണൽ നോൺ എൻജിനീയറിംഗ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. എം.എ, എം.ടെക്, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികൾക്കുള്ള തിസീസ് അലവൻസ് 500 രൂപയിൽ നിന്നും 3000 രൂപയായി വർദ്ധിപ്പിച്ചു. എസ്.എസ്.എൽ.സി. തോറ്റ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക് 25 ശതമാനത്തിൽ നിന്നും 20 ശതമാനമാക്കി കുറച്ചു.

പുതുതായി അനുവദിച്ചവ :

1. 17 പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു.
2. അംഗീകൃത പാർട്ട്ടൈം കോഴ്സുകൾക്ക് പഠിക്കുന്ന തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
3. സ്വകാര്യ ഫാർമസി കോളേജുകളിൽ ഫാർമസി ഡിപ്ലോമ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ.
4. ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചർ, എക്സ്റ്റൻഷൻ മാനേജ്മെന്റ്, പനങ്ങോട് ഫിഷറീസ് കോളേജിലെ എം.എഫ്, എച്ച്.സി, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്സ് നടത്തുന്ന മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നീ കോഴ്സുകൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

5. സ്കൂളിൽ നിന്നും കൊഴിഞ്ഞു പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളെ വീണ്ടും പഠിപ്പിക്കാനായി പ്രത്യേക പദ്ധതി.

6. പോസ്റ്റ്മെട്രിക് കോഴ്സുകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം.

7. ടി.ടി.സി. ഡിപ്ലോമ ബിരുദം എന്നിവയിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്നവർക്ക് പ്രോത്സാഹന സമ്മാനം.

8. എൽ.എൽ.ബി. പഞ്ചവത്സര, ത്രിവത്സര കോഴ്സുകളിൽ കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്നവർക്ക് മെഡലും പ്രോത്സാഹന സമ്മാനവും.

9. വിദേശ സർവ്വകലാശാലകളിൽ മോഡേൺ സയൻസ് അപ്ലൈഡ് സയൻസ് മാനേജ്മെന്റ് വിഷയങ്ങളിൽ ഉപരിപഠനം നടത്താൻ 1.5 ലക്ഷം രൂപ പലിശരഹിത വായ്പ.

10. വിദേശ പഠനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 10 ലക്ഷം രൂപ വരെ കുറഞ്ഞ പലിശനിരക്കിൽ വായ്പ.

11. 8,9,10 ക്ലാസ്സുകളിൽ സ്വകാര്യ ട്യൂഷൻ പദ്ധതി.

വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ താമസമുണ്ടാകാതെ നല്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. അർഹരായ കുട്ടികൾക്കുള്ള സ്റ്റൈപെന്റ് ജൂൺ മാസത്തേത് ജൂൺ മാസവും, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലേത് ഓണത്തിനുമുമ്പായും, ഒക്റ്റോബർ, നവംബർ, ഡിസംബർ മാസങ്ങളിലേത് ഡിസംബർ അവധിക്ക് മുമ്പായും, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലേത് ഫെബ്രുവരി മാസം അവസാനവും വിതരണം ചെയ്ത് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly